# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.551 03/03/2020-ൽ മറുപടിക്ക്

**മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ട് നൽകിയവരുടെ നഷ്ടപരിഹാരം**

| | ചോദ്യം<br>**ശ്രീ.എസ്.രാജേന്ദ്രൻ** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ട് നൽകിയവരുടെ നഷ്ടപരിഹാരം സംബന്ധിച്ച PWR.B1/110/2017 നമ്പർ ഫയലിലെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | PWR/B1/110/2017 നമ്പർ ഫയൽ അഭിപ്രായത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ മറ്റ് പദ്ധതികളെ അപേക്ഷിച്ച് മാങ്കുളം ജലവൈദ്യുത പദ്ധതിക്ക് ഇനി കുറച്ച് ഭൂമിയെ ഏറ്റെടുക്കേണ്ടി വരുന്നുള്ളൂ എന്നതിനാൽ പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം 37/B1/2019/PD എന്ന ഫയലിലാണ് പ്രത്യേകം കൈകാര്യം ചെയ്തു വരുന്നത്. പ്രസ്തുത ഫയൽ പുഴപുറമ്പോക്ക് ഉൾപ്പെടെയുള്ള റവന്യൂ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി റവന്യൂ വകുപ്പിനു കൈമാറിയിരിക്കുകയാണ്. |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമപരമായിട്ടുള്ള എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കിയാൽ ഉടൻ തന്നെ മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ടു നൽകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ